ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23.06.2025**

## പ്രധാനവാർത്തകൾ

1. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,077 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ, മിന്നും ജയം നേടി കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്.
2. മണ്ഡലത്തിൽ സമഗ്രാധിപത്യം പുലർത്തി യുഡിഎഫ് ; എൽഡിഎഫ് വോട്ടുകളിൽ ഇടിവ് ; നിർണായക സ്വാധീനമായി പി.വി അൻവർ.
3. സർക്കാരിനെതിരായ ജനവിധിയാണിതെന്ന് കോൺഗ്രസ് ; ഭരണവിരുദ്ധ വികാരം ഉണ്ടെന്ന ആരോപണം തള്ളി സിപിഐഎം ; അടിസ്ഥാന വോട്ടുകൾ നിലനിർത്താനായെന്ന് ബിജെപി.
4. അഹമ്മദാബാദ് വിമാനാപകടത്തിൽ മരണമടഞ്ഞ പത്തനംതിട്ട സ്വദേശിനി രഞ്ജിതയുടെ മൃതദേഹം നാളെ ജന്മനാട്ടിലെത്തിക്കും.
5. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു.
6. ഇറാൻ-ഇസ്രയേൽ സംഘർഷത്തിന് ഇന്നും അയവില്ല ; ടെഹ്റാനിലെ നിർണായക കേന്ദ്രങ്ങളിൽ ആക്രമണം നടത്തി ഇസ്രയേൽ സേന.

******************************************

RNU TVPM

## നിലമ്പൂർ (ഇൻട്രോ)

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടി കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്. 11,077 വോട്ടുകളുടെ വൻ ഭൂരിപക്ഷത്തിലാണ് യുഡിഎഫിൻറെ വിജയം. ആര്യാടൻ ഷൗക്കത്ത് 77,700 ലധികം വോട്ടുകളും, എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് 66,600 ലധികം വോട്ടുകളും സ്വന്തമാക്കി. സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ 19,700-ലധികം വോട്ടുകളും, എൻഡിഎ സ്ഥാനാർത്ഥി മോഹൻ ജോർജ് 8,600 ലേറെ വോട്ടുകളുമാണ് നേടിയത്. വോട്ടെണ്ണലിൻറെ ആദ്യ റൗണ്ട് മുതൽതന്നെ യുഡിഎഫ് വ്യക്തമായ മേൽക്കൈ നിലനിർത്തിയിരുന്നു. കരുളായി ഒഴികെ എല്ലാ പഞ്ചായത്തുകളിലും, നിലമ്പൂർ നഗരസഭയിലും ഭൂരിപക്ഷം നേടാൻ ആര്യാടൻ ഷൗക്കത്തിന് സാധിച്ചു. എൽഡിഎഫ് ഭരിക്കുന്ന നിലമ്പൂർ നഗരസഭയ്ക്ക് പുറമേ, അമരമ്പലം, പോത്തുകല്ല് തുടങ്ങിയ ഇടത് കോട്ടകൾ കീഴടക്കിയാണ് യുഡിഎഫിൻറെ മുന്നേറ്റം. 2021 ലെ 81,000 വോട്ടുകളിൽ നിന്ന് 15,000-ത്തോളം വോട്ടുകൾക്ക് എൽഡിഎഫ് പിന്നോട്ട് പോയപ്പോൾ, 1,000-ത്തിനടുത്ത് വോട്ടുകളുടെ കുറവ് മാത്രമാണ് യുഡിഎഫിനുണ്ടായത്. സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവറിനും മണ്ഡലത്തിലെ തൻറെ സ്വാധീനം തെളിയിക്കാൻ തിരഞ്ഞെടുപ്പ് ഫലത്തിലൂടെ സാധിച്ചു. എൻഡിഎയ്ക്ക് മുൻ തിരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുകൾ ഇക്കുറിയും അതേപടി നിലനിർത്താനായി.

**നിലമ്പൂരിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

RNU TVPM

(ഹോൾഡ്)

*******************************

<u>ആര്യാടൻ- (ഇൻട്രോ)</u>

പിണറായി വിജയൻ സർക്കാരിനെതിരെയുള്ള ജനരോഷവും, കഴിഞ്ഞ 9 വർഷങ്ങളായി നിലമ്പൂർ നേരിടുന്ന അവഗണനയോടുള്ള പ്രതിഷേധവുമാണ് ജനവിധി പ്രതിഫലിപ്പിക്കുന്നതെന്ന് ആര്യാടൻ ഷൗക്കത്ത് പ്രതികരിച്ചു. പ്രതീക്ഷിച്ച ഭൂരിപക്ഷത്തിൽ തന്നെ നിലമ്പൂരിൽ വിജയത്തിലെത്താൻ സാധിച്ചതായും യു ഡി എഫ് നേതാക്കൾക്കും പ്രവർത്തകർക്കും നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

വികസന വിഷയങ്ങൾ ജനങ്ങളുമായി ചർച്ച ചെയ്യാനാണ് എൽ.ഡി.എഫ് ശ്രമിച്ചതെന്നും ഭരണത്തിൻറെ വിലയിരുത്തലാണ് ഉപതിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് കരുതുന്നില്ലെന്നും എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് പ്രതികരിച്ചു.

PRU TVPM

*******************************

<u>അൻവർ (ഇൻട്രോ)</u>

പൊതുപ്രവർത്തനം തുടരാൻ എംഎൽഎ സ്ഥാനമോ മന്ത്രി പദവിയോ ആവശ്യമില്ലെന്നും, യുഡിഎഫിനൊപ്പം മുന്നോട്ട് പോകാനുള്ള സാഹചര്യമുണ്ടെങ്കിൽ മുന്നോട്ട് പോകുമെന്നും പി.വി അൻവർ പറഞ്ഞു. പ്രതിപക്ഷനേതാവ് വി.ഡി സതീശനോട് വ്യക്തിപരമായ വിരോധമില്ലെന്നും, മന്ത്രി മുഹമ്മദ് റിയാസിനെതിരെ ബേപ്പൂരിൽ മത്സരിക്കാൻ തയ്യാറാണെന്നും അൻവർ വ്യക്തമാക്കി. എൽഡിഎഫ് വോട്ടുകളാണ് തിരഞ്ഞെടുപ്പിൽ താൻ പിടിച്ചതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

******************************************

## വി.ഡി.സതീശൻ- (ഇൻട്രോ)

നിലമ്പൂരിലെ തെരഞ്ഞെടുപ്പ് ഫലം, ടീം യുഡിഎഫിന്റെ വിജയമാണെന്ന് പ്രതിപക്ഷ നേതാവും, യുഡിഎഫ് ചെയർമാനുമായ വി.ഡി.സതീശൻ പ്രതികരിച്ചു. പാർട്ടിയുടെ രാഷ്ട്രീയ വോട്ട് ചോർന്നിട്ടില്ലെന്നും, എൽഡിഎഫിന് വലിയ രീതിയിൽ വോട്ട് നഷ്ടമായതായും അദ്ദേഹം വ്യക്തമാക്കി. സർക്കാരിനെതിരായ ജനവിധിയാണ് നിലമ്പൂരിൽ ഉണ്ടായതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. പി.വി അൻവറിൻറെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് യുഡിഎഫാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

നിലമ്പൂരിലെ തിരഞ്ഞെടുപ്പ് ഫലം 2026 നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള ചവിട്ടുപടിയാണെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് പ്രതികരിച്ചു. പി.വി അൻവറിന് മുന്നിൽ യുഡിഎഫ് വാതിൽ അടച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

******************************************

## എം.വി. ഗോവിന്ദൻ -( ഇൻട്രോ)

തെരഞ്ഞെടുപ്പിൽ ഭരണവിരുദ്ധ വികാരം പ്രതിഫലിച്ചുവെന്ന ആരോപണം തള്ളി സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. എൽഡിഎഫിന്റെ രാഷ്ട്രീയ അടിത്തറ ഭദ്രമാണെന്നും തെരഞ്ഞെടുപ്പ് ഫലം പരിശോധിച്ച ശേഷം

RIUTVPM

ആവശ്യമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. നിലമ്പൂരിൽ യുഡിഎഫ് ജയിച്ചത് വർഗീയ ശക്തികളുടെ പിന്തുണകൊണ്ടാണെന്നും ശ്രീ എംവി ഗോവിന്ദൻ ആരോപിച്ചു.

(ഹോൾഡ്)

******************************

രാജീവ് ചന്ദ്രശേഖർ- നിലമ്പൂർ

ബിജെപിക്ക് നിലമ്പൂർ മണ്ഡലത്തിലെ അടിസ്ഥാന വോട്ട് നിലനിർത്താനായെന്ന് പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഈ തിരഞ്ഞെടുപ്പിൽ വോട്ട് വർധിച്ചത് ബിജെപിക്ക് മാത്രമാണെന്നും, വികസിത കേരളം എന്ന ആശയവും, കോൺഗ്രസിൻറെയും, സിപിഎമ്മിൻറെയും പ്രീണനരാഷ്ട്രീയം തുറന്ന് കാട്ടാൻ കഴിഞ്ഞതുമാണ് നല്ല പ്രകടനത്തിന് കാരണമെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

******************************

പി കെ കൃഷ്ണദാസ് (ഇൻട്രോ)

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലം യു. ഡി.എഫിന്റെ വിജയമായി കണക്കാക്കാനാകില്ലെന്നും, എൽഡിഎഫിന്റെയും, യുഡിഎഫിന്റെയും വോട്ടിംഗ് ശതമാനത്തിൽ കുറവുണ്ടായതായും ബിജെപി ദേശീയ നിർവാഹക സമിതി അംഗം പി കെ കൃഷ്ണദാസ് പ്രതികരിച്ചു. NDA യുടെ വോട്ടിംഗ് ശതമാനത്തിൽ വർധനയുണ്ടായതായും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

******************************

## ആര്യാടൻ ഷൗക്കത്ത്- പ്രൊഫൈൽ (ഇൻട്രോ)

നിലമ്പൂരുകാരുടെ സ്വന്തം ബാപ്പുട്ടിയായാണ് ആര്യാടൻ ഷൗക്കത്ത് ജനങ്ങൾക്കിടയിൽ അറിയപ്പെടുന്നത്. മൂന്ന് പതിറ്റാണ്ടിലധികം നിലമ്പൂരിനെ നിയമസഭയിൽ പ്രതിനിധീകരിച്ച, മുൻ മന്ത്രിയും മലബാറിലെ കോൺഗ്രസ്സ് അതികായനുമായ ആര്യാടൻ മുഹമ്മദിന്റെ പുത്രനാണ് ആര്യാടൻ ഷൗക്കത്ത്. **ഒരു റിപ്പോർട്ട്................**

(വോയ്സ്)

വിദ്യാഭ്യാസകാലം മുതൽ തന്നെ രാഷ്ട്രീയത്തിൽ സജീവ സാന്നിധ്യമായ ആര്യാടൻ ഷൗക്കത്ത് കെ എസ് യുവിലും, യൂത്ത് കോൺഗ്രസ്സിലും ഒട്ടേറെ ചുമതലകൾ വഹിച്ചിട്ടുണ്ട്. 2005 ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് വിജയത്തോടെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് അരങ്ങേറ്റം. ആദ്യ ടേമിൽ തന്നെ നിലമ്പൂർ പഞ്ചായത്ത് പ്രസിഡന്റ്. നിലമ്പൂർ മുനിസിപ്പാലിറ്റി ആയപ്പോൾ അതിന്റെ അധ്യക്ഷസ്ഥാനത്തും ഷൗക്കത്ത് എത്തി. ആര്യാടൻ മുഹമ്മദിന്റെ പിൻഗാമിയായി 2016 നിയമസഭാ തിരഞ്ഞെടുപ്പിൽ യു ഡി എഫ് സ്ഥാനാർത്ഥിയായി നിലമ്പൂരിൽ മത്സരിച്ചെങ്കിലും, എൽ ഡി എഫ് സ്വതന്ത്രൻ പി വി അൻവറിനോട് പരാജയപ്പെട്ടു. ഒൻപത് വർഷങ്ങൾക്കിപ്പുറം എൽ ഡി എഫിനെയും, പി വി അൻവറിനെയും പരാജയപ്പെടുത്തി നിയമസഭയിലേക്ക് ഷൗക്കത്ത് കടന്നുവരുമ്പോൾ നിലമ്പൂരിനത് രാഷ്ട്രീയ തുടർച്ചയുടെ പുത്തൻ ഏടാണ്. രാഷ്ട്രീയത്തോടൊപ്പം കലാ-സാംസ്കാരിക മേഖലകളിലും സജീവമാണ് ആര്യാടൻ ഷൗക്കത്ത്. വിവിധ സാമൂഹിക വിഷയങ്ങളെ അധികരിച്ച് ശ്രദ്ധേയമായ നിരവധി സിനിമകൾ അദ്ദേഹം നിർമ്മിക്കുകയും, കഥയെഴുതുകയും ചെയ്തിട്ടുണ്ട്. **ന്യൂസ് ഡസ്ക്, ആകാശവാണി**

*********************************************

RNU TVPM

## ഉപതിരഞ്ഞെടുപ്പ്- മറ്റ് സംസ്ഥാനങ്ങൾ

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന മറ്റ് മൂന്ന് സംസ്ഥാനങ്ങളിലെ നാല് മണ്ഡലങ്ങളിലും വോട്ടെണ്ണൽ പൂർത്തിയായി . ഗുജറാത്തിലെ കഡി മണ്ഡലത്തിൽ ബി.ജെ.പി. യുടെ രാജേന്ദ്രകുമാറും വിസാവ്ദറിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി ഇറ്റാലിയ ഗോപാലും വിജയിച്ചു. പഞ്ചാബിലെ ലുധിയാന വെസ്റ്റ് മണ്ഡലത്തിൽ ആം ആദ്മി പാർട്ടിയുടെ സഞ്ജീവ് അറോറയും പശ്ചിമബംഗാളിലെ കാളിഗഞ്ചിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി ആലിഫ അഹമ്മദുമാണ് വിജയിച്ചത്.

*********************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*********************************************

## ഐതിഹാസിക കൂടിക്കാഴ്ച - പ്രധാനമന്ത്രി

മഹാത്മാ ഗാന്ധിയും ശ്രീനാരായണ ഗുരുവും തമ്മിൽ നടന്ന കൂടിക്കാഴ്ചയുടെ നൂറാം വാർഷികാഘോഷം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂ ഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. വൈക്കം സത്യാഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ 1925 മാർച്ച് 12 ന് ശിവഗിരിയിലായിരുന്നു ഈ ഐതിഹാസിക കൂടിക്കാഴ്ച നടന്നത്. രണ്ട് ചരിത്രപുരുഷന്മാർക്കിടയിൽ നടന്ന പ്രചോദനാത്മകമായ സംവാദത്തെ അനുസ്മരിക്കാനും, സാമൂഹിക നീതി, ഐക്യം തുടങ്ങിയ ആദർശങ്ങളെ ഉയർത്തിക്കാട്ടാനും ലക്ഷ്യമിട്ടാണ് ആഘോഷങ്ങൾ.

*********************************************

RNUTVPM

## രഞ്ജിത - ഡി എൻ എ

അഹമ്മദാബാദ് വിമാനാപകടത്തിൽ മരണമടഞ്ഞ പത്തനംതിട്ട സ്വദേശിനി രഞ്ജിതയുടെ മൃതദേഹം DNA പരിശോധനയിലൂടെ തിരിച്ചറിഞ്ഞു. നടപടികൾ പൂർത്തിയാക്കി നാളെ രാവിലെ 7 മണിയോടെ മൃതദേഹം തിരുവനന്തപുരം വിമാനത്താവളത്തിലെത്തിക്കും. തുടർന്ന് റോഡ് മാർഗ്ഗം ജന്മനാടായ പുല്ലാട്ടെത്തിച്ച ശേഷം ശ്രീ വിവേകാനന്ദ ഹൈസ്കൂളിൽ പൊതുദർശനത്തിനു വയ്ക്കും. സംസ്കാര ചടങ്ങുകൾ വൈകുന്നേരം 4 മണിയോടെ വീട്ടുവളപ്പിൽ നടക്കും .

*****************************************

## വി. എസ് അച്യുതാനന്ദൻ

മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ വി. എസ് അച്യുതാനന്ദനെ ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഹൃദയാഘാതം ഉണ്ടായതായാണ് സൂചന. നിലവിൽ ആരോഗ്യനില തൃപ്തികരമാണെന്നാണ് ലഭിക്കുന്ന വിവരം.

PNU TVPM

*****************************************

## യുപിഎസ്

കേന്ദ്രസർക്കാർ ജീവനക്കാർക്കായി പുതുതായി ആരംഭിച്ച ഏകീകൃത പെൻഷൻ പദ്ധതി U.P.S ൽ ചേരുന്നതിനുള്ള സമയപരിധി മൂന്ന് മാസം കൂടി ദീർഘിപ്പിച്ചു. സമയപരിധി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചാണ് കേന്ദ്രസർക്കാർ ഉത്തരവിറക്കിയത്.

*****************************************

## ഫിലിം കോൺക്ലേവ്

സംസ്ഥാന സർക്കാരിന്റെ സിനിമാനയ രൂപീകരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 2, 3 തീയതികളിൽ കേരള ഫിലിം പോളിസി കോൺക്ലേവ് സംഘടിപ്പിക്കും. നിയമസഭാ സമുച്ചയത്തിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ നടക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിനിമാ മേഖലയിൽ നിന്നുള്ള ദേശീയ, അന്താരാഷ്ട്ര വിദഗ്ദ്ധർ ഇതിൽ പങ്കെടുക്കും. സംസ്ഥാനത്ത് സിനിമാനയത്തിൻറെ കരടുരൂപം ഒരു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

******************************************

## ശബരിമല-നവഗ്രഹ പ്രതിഷ്ഠ

ശബരിമലയിലെ പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠ അടുത്തമാസം 13-ന് നടക്കും . പകൽ 11 നും 12 നും മധ്യേയുള്ള കന്നി രാശി മുഹൂർത്തത്തിലാണ് പ്രതിഷ്ഠ ചടങ്ങ്. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിച്ചത് . 11 ന് വൈകുന്നേരം നട തുറക്കും. ദർശനം നടത്താൻ ആഗ്രഹിക്കുന്ന ഭക്തർക്ക് ഇന്ന്മുതൽ വെർച്ചൽ ക്യൂ വഴി ബുക്ക് ചെയ്യാവുന്നതാണ് .

RNU TVPM

******************************************

## വൈശാഖ മഹോത്സവം (ഇൻട്രോ)

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി നാളെ. നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധനയും നാളെ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

***********************************

## ലീഡ്സ് ക്രിക്കറ്റ്

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു . ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 3 വിക്കറ്റ് നഷ്ടത്തിൽ 179 റൺസ് എന്ന നിലയിലാണ്. രണ്ട് വിക്കറ്റ് നഷ്ടത്തിൽ 90 റൺസെന്ന നിലയിലാണ് നാലാം ദിവസമായ ഇന്ന് ഇന്ത്യ കളി പുനരാരംഭിച്ചത്. ഒന്നാം ഇന്നിങ്സിൽ ആറ് റൺസിൻറെ ലീഡാണ് ഇന്ത്യയ്ക്കുള്ളത്.

***********************************

## ഇറാൻ - ഇസ്രായേൽ

ഇറാൻ-ഇസ്രയേൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഇറാൻറെ ആഭ്യന്തര സുരക്ഷാ ആസ്ഥാനം ഉൾപ്പെടെ ടെഹ്റാനിലെ സുപ്രധാന കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രയേൽ സേന ആക്രമണം നടത്തിയതായി പ്രതിരോധ മന്ത്രി ഇസ്രയേൽ കാറ്റ്സ് അറിയിച്ചു. കെർമൻഷാ മേഖലയിലെ സൈനിക കേന്ദ്രങ്ങളിലും ഇസ്രയേൽ ആക്രമണം നടത്തി. വിവിധ ഇസ്രയേൽ നഗരങ്ങളിൽ ഇറാനും മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ നടത്തി. ഇന്നലെയുണ്ടായ യുഎസ് ആക്രമണങ്ങൾക്ക് മറുപടിയായി, ഹോർമുസ് കടലിടുക്ക് അടയ്ക്കാൻ ഇറാൻ പാർലമെൻറ് തീരുമാനിച്ചിരുന്നു. എണ്ണയുടെയും, പ്രകൃതിവാതകത്തിൻറെയും കയറ്റുമതിയെ സാരമായി ബാധിക്കുന്ന ഈ തീരുമാനം ആഗോള വിപണിയിൽ ഇന്ധനവില

RNU TVPM

ഉയരാൻ ഇടയാക്കും. ഹോർമുസ് കടലിടുക്ക് അടയ്ക്കുന്നത് തടയാനായി നാവിക ആക്രമണത്തിന് അമേരിക്ക തയ്യാറാകുന്നതായി റിപ്പോർട്ടുകളുണ്ട്. സംഘർഷ സാഹചര്യം റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിനുമായി ചർച്ച ചെയ്യാൻ ഇറാൻ വിദേശകാര്യമന്ത്രി ഇന്ന് മോസ്കോയിൽ എത്തി.

***********************************

## എണ്ണ വില

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ആഗോളതലത്തിൽ എണ്ണവിലയിൽ വൻ വർദ്ധന. അഞ്ച് മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇന്ന് രേഖപ്പെടുത്തിയത്. ബ്രെൻറ് ക്രൂഡിൻറെ വില രണ്ട് ശതമാനത്തിലേറെ വർദ്ധിച്ച് ബാരലിന് 79 ഡോളറിലധികമായി.

***********************************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 511 പോയിൻറ് താഴ്ന്ന് 81,897 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 141 പോയിൻറ് നഷ്ടത്തിൽ 24,972 ലും വ്യാപാരം അവസാനിപ്പിച്ചു .സ്വർണ്ണ വിലയിൽ നേരിയ കുറവ്. പവന് 40 രൂപ താഴ്ന്ന് 73,840 രൂപയും ഗ്രാമിന് 9,230 രൂപയുമാണ് ഇന്നത്തെ വില

***********************************

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . മലപ്പുറം,

RNU TVPM

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതയാണ്. സംസ്ഥാനത്ത് ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കാസറഗോഡ് ജില്ലയിൽ നാളെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

******************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്.

*********************************************************************************************************

RNU TVPM